(സി) കാലിക്കട്ട് സർവ്വകലാശാലയിലും ഗാന്ധിജി സർവ്വകലാശാലയിലും ലഭിച്ച പരാതികളെല്ലാം പരിഹരിച്ചു കഴിഞ്ഞു. കേരള സർവ്വകലാശാലയിൽ ഊർജ്ജിത നടപടികളെടുക്കുന്നുണ്ട്. 1,712 പരാതികളും പരിഹരിച്ചുകഴിഞ്ഞു. 7,500 ഓളം പരാതികളും നടപടി ആവശ്യമില്ലാത്ത വയാണ്. ബാക്കി 326 പരാതികളിൻമേൽ നടപടികളും പൂർത്തിയായിവരുന്നു.

## പുതിയ കോഴ്സുകൾ

164 [211] ശ്രീ. പി. സീതിഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) ഈ വർഷം ജൂനിയർ കോളേജുകളിൽ പുതിയ കോഴ്സുകൾ തുടങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം കോളേജുകളിൽ ഏതെല്ലാം കോഴ്സുകളാണ് തുടങ്ങുന്നതെന്ന് വെളിപ്പെടുത്താമോ ?

### ഉത്തരം

(എയും ബിയും) തീരുമാനിച്ചിട്ടില്ല.

## സിലബസ്സ് പരിഷ്ക്കരണം

165. [212] ശ്രീ. കെ. മുസ്സക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം ഹൈസ്കൂൾ തലം വരെയുള്ള സിലബസ്സ് പരിഷ്ക്കാരങ്ങളെ സംബന്ധിച്ച് വിദ്യാഭ്യാസ വകുപ്പിന് എത്ര പരാതികൾ ലഭിച്ചിട്ടുണ്ട് ;

(ബി) ഈ പരാതികളെ സംബന്ധിച്ച് ഗവൺമെൻറ് പരിശോധന നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

### ഉത്തരം

(എ) സിലബസ്സ് പരിഷ്ക്കരണത്തെ സംബന്ധിച്ച പരാതികൾ ലഭിച്ചിട്ടില്ല.

(ബി) ചില പാഠഭാഗങ്ങളെക്കുറിച്ചുള്ള പരാതികളിൽ ആവശ്യമായ മേൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## വിദ്യാഭ്യാസ ജില്ലകളുടെ പുനഃസംഘടന

166. [213] ശ്രീ. പി. സീതിഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ ;

(എ) സംസ്ഥാനത്തുള്ള വിദ്യാഭ്യാസ ജില്ലകൾ പുനഃസംഘടിപ്പിക്കുന്നതിന് ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഇപ്പോൾ ആകെ എത്ര വിദ്യാഭ്യാസ ജില്ലകളാണ് സംസ്ഥാനത്ത് നിലവിലുള്ളത് ;

(സി) ഓരോ വിദ്യാഭ്യാസ ജില്ലാ ആഫീസറുടെയും കീഴിൽ എത്ര എ. ഇ. ഒ. ആഫീസുകൾ വീതമാണ് ഉള്ളത് ;

(ഡി) ഇതിൻറെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly